23

# യെരുശലേമിൽ സഭ സ്ഥാപിക്കലും അതിന്റെ വളർച്ചയും

## ഏ.ഡി. 30- 35[1] (പ്രവൃത്തികൾ 1- 7)

### I. സഭയുടെ സ്ഥാപനം. (പ്രവൃത്തികൾ 1, 2.)

**1. സഭയുടെ മർമ്മം; പത്തു ദിവസത്തെ കാത്തിരിപ്പ്.** - അവന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം യെരുശലേമിൽ താമസിക്കുന്ന ശിഷ്യന്മാരുടെ എണ്ണം നൂറ്റി ഇരുപത് ആയിരുന്നു. ഗലീലിയിലുള്ളവരെയും കൂടി ഉൾപ്പെടുത്തിയാൽ ചുരുങ്ങിയത്, അഞ്ഞൂറോളം വരും (1 കൊരി. 15:6). പരിശുദ്ധാത്മാവു വരുന്നതു പ്രതീക്ഷിച്ചുകൊ് ആ നൂറ്റിയിരുപതുപേർ തുടർച്ചയായി പ്രാർത്ഥനയിലായിരുന്നു. കാത്തിരിപ്പു ദിവസങ്ങളിൽ, പത്രൊസ് പറഞ്ഞതനുസരിച്ച്, യൂദ ഒഴിഞ്ഞുപോയ, അപ്പൊസ്തലന്മാരുടെ എണ്ണം തികയ്ക്കുവാനായി, മത്ഥിയാസിനെ ആ സ്ഥാനത്തേക്കു തിരഞ്ഞെടുത്തു; ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പു സാക്ഷീകരിക്കുന്നതിന് വ്യക്തിപരമായ അറിവാണ് ഒരു അപ്പൊസ്തലന് ആവശ്യമായ യോഗ്യത (പ്രവൃത്തികൾ 1:21, 22; 1 കൊരി. 9:1).

**2. പരിശുദ്ധാത്മാവുകൊുള്ള സ്നാനം.** - *a. സമയവും അതിനോടനുബന്ധിച്ചു നടന്നതും.* - യേശു പെസഹയിൽ കഷ്ടം അനുഭവിച്ചു: അമ്പതുദിവസം കഴിഞ്ഞു രാമത്തെ വലിയ പെരുന്നാളായ പെന്തെകൊസ്തു നാളിലാണ്, ആത്മാവു വന്നത്. കാഴ്ച്ചക്കും കേൾ വിക്കും താല്പര്യമുണർത്തുന്നവയും അതോടനുബന്ധിച്ചു നടന്നു - വലിയ കാറ്റടിക്കുന്നതു പോലെയുള്ള ശബ്ദം കേട്ടു, എങ്കിലും കാറ്റായിരുന്നില്ല; അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി, എങ്കിലും അഗ്നിജ്വാല ആയിരുന്നില്ല.

*b. ശിഷ്യന്മാരിൽ അതിന്റെ സ്വാധീനം.* - അതിന്റെ സ്വാധീനം പന്തിരുവരിൽ ഉടനെ ആയിരുന്നു, അതു ശക്തവും, രൂപാന്തരം വരുത്തുന്നതും ആയിരുന്നു: "അവരെല്ലാം പരിശുദ്ധാത്മാവു നിറഞ്ഞു, ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അവർ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി."[2] എന്നാൽ അസാധാരണ ഉൾവെളിച്ചവും ശക്തിയും മാത്രമായിരുന്നില്ല സ്വാധീനഫലം. അന്നുമുതൽ രാജ്യത്തെ കുറിച്ചു പ്രാകൃത തെറ്റിദ്ധാരണകളില്ല, മുഖ്യസ്ഥാനത്തിനു വേി മൽസരമില്ല.

*c. തെളിവോടുകൂടിയ വില.* - താൻ പിതാവിന്റെ അടുക്കലേക്കു പോയാൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അയക്കുമെന്നു പറഞ്ഞിരുന്നു (യോഹന്നാൻ 15:26, 27; 16:7; *ഒ.വാ.* 7:39; പ്രവൃത്തികൾ 2:33). ഭൂമി അവളുടെ കർത്താവിനെ തള്ളിക്കളഞ്ഞതിനു സ്വർഗം ഉത്തരമരുളിയതാണ് പെന്തെക്കൊസ്തു; മുൾക്കിരീടത്തിനു പകരം മഹത്വമുള്ള കിരീടം അണിയിച്ചതിന്റെ പരസ്യമായ പ്രദർശനം; ലോകത്തിന്റെ പാപത്തെയും യേശു

വിന്റെ മശിഹാത്വത്തെയും തെളിയിക്കുന്ന കിരീടം ആയിരുന്നു അത്.

*d. പുരുഷാരത്തിൽ ഉായ സ്വാധീനം.* - അപ്പൊസ്തലന്മാർക്കു ചുറ്റും കൂടിയ ആയിരങ്ങളുടെ മുന്നിൽ, പരിശുദ്ധാത്മാവുകൊുള്ള സ്നാനം വന്നതു, പരിവർത്തനവും ബോധ്യപ്പെടുത്തുന്നതുമായ ശക്തിയോടുകൂടിയാണ്; പരോക്ഷമായിട്ടും, തീർച്ചയായും, അതു ഫലപ്രദമായിതീർന്നതു, പത്രൊസിന്റെ വായിൽനിന്നു വന്ന സുവിശേഷം മുഖാന്തരമായിരുന്നു.

**3. പത്രൊസിന്റെ പ്രസംഗം; ഫലങ്ങൾ.** - പത്രൊസാണ് വക്താവ്; അവന്റെ കേൾവിക്കാർ, വിവിധദേശങ്ങളിൽനിന്നും വന്നിട്ടുള്ള, യെഹൂദന്മാരാണ്. ദുരഭിമാനം നീക്കുന്ന മുഖവുരക്കു ശേഷം, യേശു തന്നെ ക്രിസ്തു എന്നു അവൻ തെളിയിച്ചുകൊടുത്തതു (1) അവന്റെ തന്നെ നന്നായി-അറിയപ്പെട്ട പ്രവൃത്തികളാൽ; (2) ദുഷ്ടമനുഷ്യരാൽ വിധിക്കപ്പെട്ട, ദൈവപദ്ധതിയാലുള്ള അവന്റെ മരണത്താൽ; (3) പ്രവാചകന്മാരാൽ മുന്നറിയിച്ചതും, അപ്പൊസ്തലന്മാരാൽ സ്ഥിരീകരിച്ചതുമായ അവന്റെ ഉയർത്തെഴുന്നേല്പിനാൽ; (4) പ്രവാചകന്മാൽ മുന്നറിയച്ചതും പെന്തെകൊസ്തുനാളിലെ അത്ഭുതത്താൽ ഉറപ്പിച്ചതുമായ, പിതാവിന്റെ വലത്തുഭാഗത്തേക്ക് അവൻ ഉയർത്തപ്പെട്ടതിനാൽ.

ഫലങ്ങൾ (1) തീക്ഷ്ണമായ ബോധ്യം; "അവരുടെ ഹൃദയത്തിൽ കുത്തുകൊ ു"[3]; (2) ഒരു ചോദ്യം ഉയർന്നു: "ഞങ്ങൾ എന്തു ചെയ്യേു?"[4] (3) വ്യക്തമായ ഉത്തരം നല്കി: "മാനസാന്തരപ്പെട്ട് - ഓരോരുത്തൻ - സ്നാനം ഏല്പിൻ - യേശുക്രിസ്തുവിന്റെ നാമത്തിൽ - പാപങ്ങളുടെ മോചനത്തിനായി - എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും"[5]; (4) ഉടനെ അനുസരിക്കുന്നു; "അവന്റെ വാക്ക് കൈക്കൊവർ സ്നാനം ഏറ്റു, അന്നു മൂവായിരംപേർ അവരോടു ചേർന്നു"[6]; (5) തുടർച്ചയായി "അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും കൂട്ടായ്മ ആചരിച്ചും പോന്നു."[7]

ആ പെന്തെകൊസ്തിനെ "സഭയുടെ ജന്മനാൾ" എന്നു വിളിക്കാം.

### II. യെരുശലേമിൽ സഭയുടെ വളർച്ച. (പ്രവൃത്തികൾ 3-7.)

**1. ആദ്യത്തെ യെഹൂദ ഉപദ്രവം.** - പെന്തെകൊസ്തിനുശേഷം ഉടനെ, ദൈവാലയ നടയിൽ വെച്ച് പത്രൊസും യോഹന്നാനും ഒരു മുടന്തനെ സൗഖ്യമാക്കി. അവിടെ തടിച്ചുകൂടിയ ജനാവലി പെന്തെകൊസ്തുനാളിലെ ജോലികളിൽ തുടരുവാൻ പത്രൊസിന്നു അവസരം കൊടുത്തു. പുനരുത്ഥാനത്തെകുറിച്ചുള്ള പ്രസംഗത്തിൽ, അസഹനീയമായ സദൂക്യർ ആ പ്രസംഗത്തെ തടസപ്പെടുത്തി; രു അപ്പൊസ്തലന്മാരെ തടവിലാക്കി. എങ്ങനെയായാലും, പത്രൊസിന്റെ പ്രസംഗത്തിന്റെ ഫലമായി, ശിഷ്യന്മാരുടെ എണ്ണം അയ്യായിരത്തോളമായി. പിറ്റേ ദിവസം പത്രൊസിനേയും യോഹന്നാനെയും ന്യായാധിപസഭയുടെ മുമ്പാകെ വരുത്തി, അവരിലധികവും സദൂക്യരായിരുന്നു, എന്തധികാരം കൊാണ് അവർ ആ അത്ഭുതം ചെയ്തത് എന്ന് അവരോടു ചോദിച്ചു. യേശുവിന്റെ അധികാരത്തിലാണെന്നും മറ്റൊരു നാമത്തിലും രക്ഷയില്ല എന്നും, അവർ അവരുടെ ന്യായാധിപന്മാരോടു ധൈര്യത്തോടെ പറഞ്ഞു. അത്ഭുതം നിഷേധിക്കുവാൻ അധികാരികൾക്ക് കഴിഞ്ഞില്ല, പിന്നെ, അവരെ ഭീഷണിപ്പെടുത്തി, വിട്ടയപ്പാൻ തീരുമാനിച്ചു.

**2. ഉള്ളിൽനിന്നുള്ള അപകടങ്ങൾ; അനന്യാസും സഫീരയും.** – യെരുശലേം സഭ ക്രിസ്തീയ മനസലിവിന്റെ ഒരു ദൃഷ്ടാന്തം കാണിച്ചു (പ്രവൃത്തികൾ 2:44, 45; 4:34–37). അതു നിർബ്ബന്ധമുള്ളതായിരുന്നില്ല (പ്രവൃത്തികൾ 5:3, 4), എന്നാൽ സ്വമനസാലെ എല്ലാം ചെയ്തതായിരുന്നു. അതു സർവ്വദേശീയമോ സ്ഥിരമോ ആയിരുന്നില്ല; രൂപത്തിൽ അതു യെരുശലേം സഭയിൽ മാത്രമുായിരുന്നതാണ്, മനോഭാവത്തിൽ അതു എല്ലാ അപ്പൊസ്തലിക സഭയിലും ഉള്ളതാണ്. അനന്യാസും സഫീരയും നിലം വിറ്റതിൽ ഒരംശം വീട്ടിൽവെച്ചിട്ട് ഒരംശം അപ്പൊസ്തലന്മാരുടെ കാല്ക്കൽ കൊുവെച്ചതു കാപട്യത്താലായിരുന്നു. പത്രൊസ് അവരുടെ തെറ്റു തുറന്നുകാട്ടുകയും, ഉടനെ തന്നെ അവർ അവന്റെ കാല്ക്കൽ വീണു മരിക്കയും ചെയ്തു, സർവ്വസഭക്കും ഇതു കേട്ട എല്ലാവർക്കും മഹാഭയമുായി. മതത്തിൽ അയാഥാർത്ഥ്യത്തിനു സ്ഥാനമില്ല എന്ന ഓർമ്മ അതു നിലനിർത്തുന്നു. പന്തിരുവരിൽ ആദ്യമരണം ഗുരുവിനെ ഒറ്റിക്കൊടുത്തിട്ട് ആത്മഹത്യയും, അപ്പൊസ്തലിക സഭയിലെ ആദ്യമരണം വ്യാജം പറഞ്ഞു കാപട്യം കാണിച്ചതുകൊുമായിരുന്നു എന്നതു ശ്രദ്ധേയമാണ്.

**3. രാമത്തെ യെഹൂദ ഉപദ്രവം.** – അനന്യാസിനെയും സഫീരയെയും വിധിച്ചതും, മറ്റെല്ലാ നീതിപൂർവ്വമായ അച്ചടക്കവും, സുവിശേഷത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനായിരുന്നു. അപകടസൂചനയെന്നു മനസിലാക്കിയ ന്യായാധിപസഭ, അപ്പൊസ്തലന്മാരെ, പിടിച്ചു തടവിലാക്കി. അവരെ ഇനിയും ദൈവത്തിനു ഉപയോഗിക്കേിയിരുന്നു; അവന്റെ ദൂതൻ തടവുവാതിൽ തുറക്കുകയും അവരെ സുവിശേഷം പ്രസംഗിക്കുവാൻ ദൈവാലയത്തിലേക്കു മടക്കി അയക്കുകയും ചെയ്തു. രഹസ്യത്തിൽ അവർ രക്ഷപ്പെട്ടതറിഞ്ഞ്, പ്രമാണിമാർ അവരെ ന്യായാധിപസഭക്കു മുമ്പാകെ വരുത്തി. മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കുന്നതാണ് തങ്ങളുടെ ലക്ഷ്യമെന്നു അപ്പൊസ്തലന്മാർ പ്രഖ്യാപിച്ചു; അവരെ ഒടുക്കികളവാൻ ഭാവിച്ച ന്യായാധിപസഭക്കു ഗമാലിയേലിന്റെ നിർദ്ദേശം വന്നു: "അതു മാനുഷമെങ്കിൽ നശിച്ചുപോകും; ദൈവികമെങ്കിലോ നിങ്ങൾക്കു നശിപ്പിക്കുവാൻ സാധ്യമല്ല."[8] ഗമാലിയേൽ പരീശനും, പൗലൊസിന്റെ ഗുരുവും ആയിരുന്നു (പ്രവൃത്തികൾ 22:3). ആദ്യത്തെ ഉപദ്രവങ്ങളിൽ പരീശന്മാർ ഉായിരുന്നില്ലെന്നു തോന്നുന്നു.

**4. ജോലിയിലെ ആദ്യവിഭജനം.** – സഭ പെട്ടെന്നു സർവ്വലൗകികമായി തീർന്നു. പെന്തെകൊസ്തിലെ പത്രൊസിന്റെ വിവിധങ്ങളായ സദസ്യർ (പ്രവൃത്തികൾ 2:8–11) ഉടനെ സഭയിൽ അതിന്റെ പ്രതിരൂപമായി. പാലസ്തീനു പുറത്തു ജനിച്ച, യെഹൂദരക്തമുള്ള ആളുകളെ, ഹെലെനിസ്റ്റുകൾ അല്ലെങ്കിൽ "യവനഗ്രീക്കുകാർ," എന്നാണ് വിളിച്ചിരുന്നത്. പാലസ്തീൻ യെഹൂദന്മാരുടെ അഥവാ "എബ്രായരുടെ" പ്രവൃത്തികൾക്കു വിരുദ്ധമായിരുന്നു, പലപ്പോഴും അവരുടെ പ്രവൃത്തികൾ. ഈ രു വിഭാഗങ്ങൾ തമ്മിലുായിരുന്ന അസൂയ കാരണം അദ്യമായി അവർക്കിടയിലെ ജോലി ഭാഗിക്കേിവന്നു. സഭ സംഘടിപ്പിക്കൽ ഒരു പരിണാമമായിരുന്നു. അപ്പൊസ്തലന്മാരിലായിരുന്നു, ആദ്യം, എല്ലാ പദവികളും. ദിവസേന വിളമ്പുന്ന ആഹാരത്തിന്റെ കാര്യത്തിൽ അസൂയ വളർന്നതു ഒഴിവാക്കുവാൻ, അപ്പൊസ്തലന്മാരുടെ ശുപാർശയാൽ, ഇടവക ഏഴുപേരെ തിരഞ്ഞെടുത്തു, അവർക്കെല്ലാം യവനപേരുകളായിരുന്നു ഉായിരുന്നത്, അവരെ ആ

ജോലിക്ക് ആക്കി. അങ്ങനെയാണ് ശുശ്രൂഷകന്മാരുടെ ഉദ്യോഗം വന്നത്. അപ്പൊസ്തലന്മാർക്ക് പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉറ്റിരിക്കുവാൻ അങ്ങനെ സാധിച്ചു. അപ്പോഴും സുവിശേഷ വിജയത്തിന്റെ നല്ല സ്വാധീനം കാണപ്പെടുകയുായി, പുരോഹിതന്മാരിലും അനേകർ വിശ്വാസത്തിന് അധീനരായിതീർന്നു.

**5. ആദ്യത്തെ ക്രിസ്തീയ രക്തസാക്ഷി** (6:8–7:60). – സഭക്ക് അറിയാവുന്ന ഏറ്റവും നല്ലവരെയാണ് അന്നു തിരഞ്ഞെടുത്തത്. ആ ഏഴു ശുശ്രൂഷക്കാരിൽ, ഒരാളായിരുന്ന സ്തെഫാനൊസ്, യവനസംസ്കാരം അനുസരിച്ച് ആഹാരം വിളമ്പിക്കൊിരുന്നു; അധികം താമസിക്കാതെ തന്നെ യെഹൂദ പള്ളികളിൽ നിന്നു പുറത്തേക്കു ജീവന്റെ അപ്പം കടന്നു.

അതുവരെയും ശിഷ്യന്മാരെ, യെഹൂദന്മാർ പോലും കണക്കാക്കിയിരുന്നതു, യെഹൂദന്മാരുടെ ഒരു പ്രത്യേക ഭാഗമായിട്ടാണ്. ജാതികളെ കൂടെ അവരോടു ചേർക്കുന്നതിനെകുറിച്ച് അവർ ചിന്തിച്ചിട്ടുപോലുമില്ലായിരുന്നു. എന്നാൽ സ്തെഫാനൊസ് യവനമതം അസാധുവാക്കുന്ന നിലയിലേക്ക് നീങ്ങി. ഇതു എല്ലാ യെഹൂദന്മാരെയും കുലുക്കി കളഞ്ഞു. യവനന്മാർ, തർക്കത്തിനും, ഉപദ്രവത്തിനുമിരയായി. ഇപ്പോൾ സദൂക്യർ സജീവമായി. രാമത്തെ ഉപദ്രവത്തിൽ, ഗമാലിയേൽ, എന്ന സദൂക്യൻ, പത്രൊസിന്റെ രക്ഷക്കായി വന്നു; മൂന്നാമത്തേതിൽ, അവന്റെ ആളുകൾ സ്തെഫാനൊസിനെ ഉപദ്രവിക്കുമ്പോൾ, പൗലൊസും, കൂടെ ചേർന്നു. അങ്ങനെ പ്രകോപിതരായ ജനക്കൂട്ടത്തിന്റെ ആക്രമണത്താൽ, സ്തെഫാനൊസ്, യെരുശലേം സഭയിലെ ആദ്യ രക്തസാക്ഷിയായി തീർന്നു. തന്റെ യജമാനന്റെ മനോഭാവത്തിൽ അവൻ അവസാനം ഒരു പ്രാർത്ഥന പ്രാർത്ഥിക്കുന്നു, "കർത്താവേ, ഈ പാപം അവരിൽ നിർത്തരുതേ."[9] സഭക്കു സ്തെഫാനൊസിനെ നഷ്ടമായി, എന്നാൽ ഉടനെ പൗലൊസിനെ കിട്ടി; വിശുദ്ധനായിരുന്ന അഗസ്തീനൊപ്പം നമുക്ക് പറയാം, –

*സി സ്റ്റെഫാനസ് നോൺ ഒറാസെറ്റ്,*
*എക്ലേസിയ പൗലും നോൺ ഹാബേരെറ്റ്.*

സ്റ്റെഫാനൊസ് പ്രാർത്ഥിച്ചില്ലായിരുന്നെങ്കിൽ,
സഭക്കു പൗലൊസിനെ കിട്ടുമായിരുന്നില്ല.

---

കുറിപ്പുകൾ

[1]സഭ സ്ഥാപിച്ചതിന്റെ പകരമുള്ള ഒരു തീയതി ഏ.ഡി. 33 ആണ്. [2]പ്രവൃത്തികൾ 2:4. [3]പ്രവൃത്തികൾ 2:37. [4]പ്രവൃത്തികൾ 2:37. [5]പ്രവൃത്തികൾ 2:38. [6]പ്രവൃത്തികൾ 2:41. [7]പ്രവൃത്തികൾ 2:42. [8]പ്രവൃത്തികൾ 5:38, 39. [9]പ്രവൃത്തികൾ 7:60.